"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തലശ്ശേരി നഗരസഭ- ലാവണ്യ ഷോപ്പിംഗ് കോംപ്ലക്സ് അനധികൃത നിർമ്മാണം - ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.990/2022/LSGD തീയതി,തിരുവനന്തപുരം, 21-04-2022

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27/03/2002 തീയതിയിലെ E13 (SC26/2001 KNR)27709/2001 നമ്പർ കത്ത്.
2. 11/01/2006 ലെ 15705/എ1/02/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
3. നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ . കെ . സത്യനാഥൻ , യു . ഡി . ക്ലാർക്കുമാരായ ശ്രീമതി . ഇ . കാർത്ത്യായനി , ശ്രീമതി . ഒ . അനിത , അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ . കെ . കെ . മനോഹരൻ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ
4. തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 25/08/2019 ലെ ജി4/25164/06 നമ്പർ റിപ്പോർട്ട്
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 27/11/2019 ലെ ഇ.യു1/16208/19/സി.ഇ/തസ്വഭവ നമ്പർ കത്ത്.
6. 28.07.2017,30/12/2019 തീയതിയികളിലെ നഗരകാര്യ ഡയറക്ടറുടെ വി2-7224/02 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലശ്ശേരി നഗരസഭയിൽ ലാവണ്യ ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത നിർമ്മാണം നടത്തിയതിനെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ , തലശ്ശേരി നഗരസഭയിൽ ലാവണ്യ ഷോപ്പിംഗ് കോംപ്ലക്സ് ഉടമ നഗരസഭയിൽ നിന്നും ആവശ്യമായ ലൈസൻസ് സമ്പാദിക്കാതെ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തുകയുണ്ടായി എന്നും പ്രസ്തുത കെട്ടിട നിർമ്മാണം യഥാസമയം കണ്ടുപിടിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും അതുമുഖേന ലാവണ്യ ഷോപ്പിംഗ് കോംപ്ലക്സ് ഉടമയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നഗരസഭയുടെ അംഗീകാരമോ അനുമതിയോ ഇല്ലാതെതന്നെ അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നും അനധികൃത കെട്ടിട നിർമ്മാണം നടക്കുന്നത് അറിഞ്ഞിട്ട് ആയത് പൊളിച്ചുമാറ്റുന്നതിന് സ്ഥിരീകരണ നോട്ടീസ് കെട്ടിട ഉടമയ്ക്ക് നല്കി എങ്കിലും തുടർ നടപടികൾ സ്വീകരിച്ച് ആയത് പൊളിച്ചു മാറ്റിയിട്ടില്ല എന്നും കണ്ടെത്തി പരാമർശം (1)പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. .

ടി ക്രമക്കേടിന് ഉത്തരവാദികളായ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ . കെ . സത്യനാഥൻ , യു . ഡി . ക്ലാർക്കുമാരായ ശ്രീമതി . ഇ . കാർത്ത്യായനി , ശ്രീമതി . ഒ . അനിത . അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ . കെ . കെ . മനോഹരൻ , ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ . പി . ഒ . സാംകുട്ടി , ടൗൺ പ്ലാനിംഗ് ഓഫീസർ ശ്രീമതി . നീതാകാമ്പിൽ എന്നീ ജീവനക്കാർക്കെതിരെ അച്ചടക്ക

നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

നഗരസഭാ ജീവനക്കാരായ ശ്രീമതി ഇ. കാർത്ത്യായനി, ശ്രീമതി. ഒ. അനിത എന്നിവർ പരാതിക്കിടയായ കെട്ടിട നിർമ്മാണ സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കുമാരായിരുന്നുവെന്നും, ലാവണ്യ ഷോപ്പിംഗ് കോംപ്ലക്സ് ഉടമ ആവശ്യമായ ലൈസൻസ് വാങ്ങാതെ അനധികൃതമായ കെട്ടിട നിർമ്മാണം നടത്തിയതിനെതുടർന്ന് ടി നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, കെട്ടിടം പൊളിച്ചു മാറ്റുക, സ്ഥല പരിശോധന നടത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ നിർവ്വഹിക്കേണ്ടിയിരുന്നത് അന്നത്തെ ബിൽഡിംഗ് ഇൻസ്പെക്ടർ, ടൗൺ പ്ലാനിംഗ് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ എന്നീ സാങ്കേതിക പരിജ്ഞാനമുള്ള മേലധികാരികൾ ആയിരുന്നുവെന്നും, അങ്ങനെയുള്ള മേലധികാരികളുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സെക്ഷൻ ക്ലാർക്കുമാർ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ശ്രീമതി. കാർത്ത്യായനി, ശ്രീമതി. അനിത എന്നിവർ നൽകിയ മറുപടി അംഗീകരിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, കുറ്റാരോപിതരായ ജീവനക്കാരിൽ ശ്രീമതി. ഒ. അനിത മാത്രമേ സർവ്വീസിൽ നിലവിലുള്ളൂ എന്നതിനാലും ബന്ധപ്പെട്ട നഗരസഭാ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത പരിഗണിച്ചും വളരെ കാലപ്പഴക്കമുള്ള കേസ് ആയതിനാലും ബന്ധപ്പെട്ട ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികളിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലശ്ശേരി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. കെ. സത്യനാഥൻ , യു . ഡി . ക്ലാർക്കുമാരായ ശ്രീമതി. ഇ. കാർത്ത്യായനി , ശ്രീമതി. ഒ. അനിത, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ . കെ . കെ . മനോഹരൻ , ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ . പി . ഒ . സാംകുട്ടി , ടൗൺ പ്ലാനിംഗ് ഓഫീസർ ശ്രീമതി . നീതാകാമ്പിൽ എന്നീ ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ